(ബി) ഈ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ ഏകദേശം ഒരു വർഷത്തിനുള്ളിൽ സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്.

68 (1916) സബ്സ്റ്റേഷൻ ആരംഭിക്കാൻ നടപടി

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ ആളൂർ പഞ്ചായത്തിലെ കല്ലേറ്റുങ്കരയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സബ്സ്റ്റേഷന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പൊതുമേഖലാ വ്യവസായമായ കല്ലേറ്റുങ്കരയിലെ കാലിത്തീറ്റ ഫാക്ടറിയുടെ സ്ഥലത്ത് സബ്സ്റ്റേഷനുള്ള സ്ഥലം നൽകാമെന്ന് സമ്മതിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സബ്സ്റ്റേഷൻ പണി പൂർത്തീകരിച്ച് ഈ പരിസരത്തേയും, കാലിത്തീറ്റ ഫാക്ടറിയുടേയും വൈദ്യുതിപ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർ.ഇ.സിയുടെ സഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നെഗോഷ്യേറ്റഡ് പർച്ചേസിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇക്കാര്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം സബ്സ്റ്റേഷൻ പണിയുന്നതിന് അനുയോജ്യമാണെങ്കിലും പണി പൂർത്തിയാക്കാനുള്ള ചിലവ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് പണിയുന്നതിനേക്കാൾ വർദ്ധിക്കും.

(സി) സബ്സ്റ്റേഷൻ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് പണിയുകയാണെങ്കിൽ കാലിത്തീറ്റ ഫാക്ടറിക്കുവേണ്ടി മാത്രമായി ഒരു 11 കെ.വി. ലൈൻ വലിച്ച് ഫാക്ടറിയുടെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ സാധിക്കും.

69 (1917) പാമ്പാടി സബ് സ്റ്റേഷന്റെ പ്രവർത്തനശേഷി വർധിപ്പിക്കുവാൻ നടപടി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി സബ്സ്റ്റേഷന്റെ പ്രവർത്തനശേഷി വർധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കോട്ടയത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന് ഏറ്റവും ആവശ്യമായ ഈ സബ്സ്റ്റേഷന്റെ പ്രവർത്തനശേഷി

LIBRARY ARCHIVES Kerala Legislative Assembly